പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1855 | 07.03.2018 -ൽ മറുപടിക്ക്.

## വിശപ്പ് രഹിത കേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) വിശപ്പ് രഹിത കേരളം എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. പദ്ധതിയുടെ പ്രാരംഭ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയെ പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (ബി) ഉദ്ദേശിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളുടെ സഹായത്തോടും പങ്കാളിത്തത്തോടും കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) ഇതിനായി ഓരോ വർഷവും എത്ര രൂപയാണ് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (സി) 2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം 14 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**